48/NSS/DHSE/2013 **CIRCULAR** 15/06/2013

## കൃഷിക്കൂട്ടം – 2013

### "സ്വയംപര്യാപ്ത എന്റെ സ്പതദിന ക്യാമ്പ്"

ഹയർസെക്കന്ററി നാഷണൽ സർവ്വീസ് സ്കീമിന്റെ ദീർഘകാല പദ്ധതിയാണ് കൃഷിക്കൂട്ടം. വിദ്യാർത്ഥികൾക്കിടയിൽ കൃഷി ഒരു സംസ്കാരമായി മാറാത്തതിന്റെ കുറവ് പരിഹരിക്കാൻ ഹയർസെക്കന്ററി എൻ.എസ്.എസ് വിഭാവനം ചെയ്ത് ശ്രദ്ധയോടെ നടപ്പിലാക്കുന്ന നൂതന പദ്ധതിയാണിത്.

കൃഷി ഒരു സംസ്കാരമായി മാറ്റുന്നതിനും കൃഷിയെ ഇഷ്ടപ്പെടാനും കൃഷി സംസ്കാരത്തെ നെഞ്ചേറ്റുവാനും എൻ.എസ്.എസ് കൃഷിക്കൂട്ടം 2013 വേദിയൊരുക്കുന്നു.

2013 ജൂൺ 8-ന് നടന്ന റീജിയണൽ പ്രോഗ്രാം കൺവീനർമാരുടെയും ജില്ലാ കൺവീനർമാരുടെയും യോഗത്തിൽ 2013 ഡിസംബറിലെ സപ്തദിന ക്യാമ്പ് സ്വയം പര്യാപ്ത ക്യാമ്പായി മാറ്റുന്നതിലേക്ക് എല്ലാ എൻ.എസ്.എസ് യൂണിറ്റുകളും ക്യാമ്പിലേക്ക് ആവശ്യമായ പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയും അതോടൊപ്പം കഴിയുമെങ്കിൽ അരിയും ഉൽപ്പാദിപ്പിക്കണമെന്ന് തീരുമാനിക്കുകയുണ്ടായി.

അതിനാൽ എല്ലാ ഹയർസെക്കന്ററി എൻ.എസ്.എസ് യൂണിറ്റുകളും ക്യാമ്പിലേക്ക് ആവശ്യമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കേണ്ടതുണ്ട്.

സ്കൂൾ ക്യാമ്പസിലോ പുറത്തോ 10 സെന്ററിൽ കുറയാത്ത കൃഷിയിടം കണ്ടെത്തി ഓരോ യൂണിറ്റും പ്രവർത്തനം ആരംഭിക്കേണ്ടതാണ്. ഉൽപ്പാദനത്തിനോടൊപ്പം സന്ദേശ പ്രചരണത്തിനും കൃഷിയെ പ്രോത്സാഹിപ്പിക്കുവാനും കാർഷിക സംസ്കാരത്തിന്റെ സാരാംശങ്ങൾ പഠിക്കുവാനും പ്രചരിപ്പിക്കുവാനും സാഹചര്യം സൃഷ്ടിക്കൽ എന്നിവ എൻ.എസ്.എസ് ലക്ഷ്യമിടുന്നു.

**<u>കൃഷിക്കൂട്ടം – 2013 "സ്വയം പര്യാപ്ത എന്റെ സപ്തദിന ക്യാമ്പ്" – കർമ്മ പരിപാടികൾ</u>**

ഹയർസെക്കന്ററി എൻ.എസ്.എസ് യൂണിറ്റുകൾ കൃഷിസ്ഥലം കണ്ടെത്തുകയും ജൂൺ-ജൂലൈ മാസത്തിൽ പദ്ധതി തുടങ്ങേണ്ടതുമാണ്. എൻ.എസ്.എസ് വോളന്റിയർമാരെ ചെറു ഗ്രൂപ്പുകളായി തിരിച്ച് പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ ഏൽപ്പിക്കുക.

കൃഷിക്കൂട്ടം - 2013 ‘‘സ്വയംപര്യാപ്ത എന്റെ സപ്തദിന ക്യാമ്പ്’’ ഒരു സാമൂഹിക പരിപാടിയാക്കി സ്കൂൾതല ഉദ്ഘാടനം നടത്താം. മഴമാറ്റത്തോടെ വ്യാപകമായ പ്രവർത്തനം ആരംഭിക്കണം.

**<u>ഒന്നാം ഘട്ടം</u>**

ഒന്നാം ഘട്ടത്തിൽ ഓണത്തോടനുബന്ധിച്ച് വിളവെടുക്കാൻ പറ്റിയ വിളകൾ കൃഷി ചെയ്യുന്നത് ഉത്തമമായിരിക്കും.

**<u>രണ്ടാം ഘട്ടം</u>**

ഒന്നാംഘട്ട വിളവെടുപ്പിനുശേഷം ആ സ്ഥലം തുടർന്നും കൃഷിക്ക് അനുയോജ്യമാക്കേണ്ടതും ഡിസംബറിലെ സപ്തദിന ക്യാമ്പിനാവശ്യമായ വിളകൾ കൃഷി ചെയ്യാവുന്നതുമാണ്.

നെൽകൃഷി/കരനെൽകൃഷി, വാഴ തുടങ്ങിയവ വിപുലമായ രീതിയിൽ കൃഷി ചെയ്യാവുന്നതുമാണ്. ജലാശയങ്ങളുടെ ലഭ്യതയനുസരിച്ച് മത്സ്യകൃഷിയും നടത്താം.

യൂണിറ്റുതല കൃഷിക്കൂട്ടം - 2013 പദ്ധതിയിൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ, കൃഷി ചെയ്യുന്നവർ, സാങ്കേതിക സഹായം നൽകുന്ന വ്യക്തികൾ എന്നിവരുടെ സഹായം തേടാവുന്നതാണ്.

വിത്ത്, വളം, സാങ്കേതികം, സാമ്പത്തികം മുതലായ സഹായകങ്ങളെ സംബന്ധിച്ച അറിവിനായി 2013 ജൂൺ മാസത്തിലെ കേരള കർഷകൻ മാസിക കാണുക.

ഈ വലിയ കാർഷിക സംസ്കാരത്തിൽ പങ്കുചേരാൻ എല്ലാ എൻ.എസ്.എസ് വോളണ്ടിയർമാരെയും വിദ്യാർത്ഥികളെയും ഹയർസെക്കന്ററി എൻ.എസ്.എസ് ക്ഷണിക്കുന്നു.

**ഒപ്പ്**
**പ്രോഗ്രാം കോ-ഓർഡിനേറ്റർ**